## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4839.

18.12.2014 ൽ മറുപടിക്ക്

**പെട്രോൾ ബങ്കുകളിൽ വാഹനങ്ങൾക്ക് ആവശ്യമായ വെള്ളം, എയർ എന്നിവ സൗജന്യമായി നൽകണമെന്ന നിർദ്ദേശം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസിന്റെ പെട്രോൾബങ്കുകളിലും പ്രൈവറ്റായിട്ടുള്ള പെട്രോൾ ബങ്കുകളിലും വാഹനങ്ങൾക്ക് ആവശ്യമായ വെള്ളം, എയർ എന്നിവ സൗജന്യമായി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പെട്രോൾ ബങ്കുകളിൽ വാഹനങ്ങൾക്കാവശ്യമായ വെള്ളം, എയർ എന്നിവ ലഭ്യമാക്കുന്നുണ്ട്. പ്രൈവറ്റായിട്ടുള്ള പെട്രോൾ ബങ്കുകളിൽ വായു, വെള്ളം എന്നിവ ഉപഭോക്താക്കൾക്ക് സൗജന്യമായി നല്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ- ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതിന് ഘടകവിരുദ്ധമായി പ്രവർത്തിക്കുന്ന പമ്പ് ഉടമകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇത്തരം സേവനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അവ ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കാറുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) ദൂരയാത്രകാർക്ക് ആശ്വാസമേകുന്ന ടോയിലറ്റ് സംവിധാനം തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പൊതുജന ങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ;<br><br>(ഡി) ഉണ്ടെങ്കിൽ ഇതു ഫലപ്രദമായ രീതിയിൽ നടപ്പിൽ വരുത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (സി) & (ഡി) ദൂരയാത്രക്കാർക്ക്. ടോയിലറ്റ് സംവിധാനം ലഭ്യമാക്കുന്നതിൽ അതീവശ്രദ്ധ ചെലുത്താറുണ്ട് എന്നും, എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ